# <u>വിജ്ഞാപനം</u>

നമ്പർ: 108/2009/സം.തി.ക. തീയതി: തിരുവനന്തപുരം, 2009 മാർച്ച് 20

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ, 24 ഗ്രാമ, 01 ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലേക്ക് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2009 ഫെബ്രുവരി 27-ാം തീയതി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തിരഞ്ഞെടുപ്പ് കമ്മീഷന്റെ 74/2009/സം.തി.ക നമ്പർ വിജ്ഞാപനം അനുസരിച്ച് ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി 2009 ഏപ്രിൽ 02 (വ്യാഴം) ആയും 2009 ഏപ്രിൽ 16 (വ്യാഴം) തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും നിശ്ചയിച്ചിരുന്നു.

വോട്ടെടുപ്പിന് മുമ്പായുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ എല്ലാ നിയോജക മണ്ഡലങ്ങളിലും പൂർത്തീകരിച്ചിട്ടു ്. എന്നാൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനത്ത് 2009 ഏപ്രിൽ 16 ന് പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ 2009 ഫെബ്രുവരി 27 ന് വിജ്ഞാപനം ചെയ്ത പ്രകാരം 2009 ഏപ്രിൽ 02 ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് പ്രസ്തുത തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെയും സ്ഥാനാർത്ഥികളുടെ പ്രചാരണ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ബോദ്ധ്യമായതിനാലും പ്രസ്തുത നിയോജകമണ്ഡലങ്ങളിലെ തിരഞ്ഞെടുപ്പ് മാറ്റി വയ്ക്കുന്നതിന് മതിയായ കാരണമു െന്ന് കമ്മീഷൻ കരുതുന്നതിനാലും 2009 ഫെബ്രുവരി 27-ാം തീയതിയിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 74/2009/സം.തി.ക നമ്പർ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്ന വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയും തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയും ഭേദഗതി ചെയ്തു പുതുക്കി നിശ്ചയിക്കേ ത് ആവശ്യമായിരിക്കുന്നു. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 49, 143 എന്നീ വകുപ്പുകൾ പ്രകാരവും ഇൻഡ്യൻ ഭരണഘടനയിലെ 243 (കെ) അനുഛേദവുമായി കൂട്ടിവായിക്കുന്ന പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 74/2009/സം.തി.ക നമ്പർ വിജ്ഞാപനത്തിലുള്ള " (ഡി) 2009 ഏപ്രിൽ 02 (വ്യാഴം) : ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും", " (ഇ) 2009 ഏപ്രിൽ 16 (വ്യാഴം) : തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും" എന്നത് താഴെ പറയുംപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. അതായത് :-

## <u>ഭേദഗതി</u>

**" (ഡി) 2009 ഏപ്രിൽ 28 (ചൊവ്വ)** : **ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും ;**

**" (ഇ) 2009 മേയ് 14 (വ്യാഴം)** : **തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും ;**

ബി. ശ്രീദേവി
സെക്രട്ടറി

# വിജ്ഞാപനം

നമ്പർ: 109/2009/സം.തി.ക. തീയതി: തിരുവനന്തപുരം, 2009 മാർച്ച് 20

സംസ്ഥാനത്തെ, 01 മുനിസിപ്പൽ കോർപ്പറേഷൻ, 01 മുനിസിപ്പാലിറ്റി വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2009 ഫെബ്രുവരി 27-ാം തീയതി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തിരഞ്ഞെടുപ്പ് കമ്മീഷന്റെ 77/2009/സം.തി.ക നമ്പർ വിജ്ഞാപനം അനുസരിച്ച് "ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി 2009 ഏപ്രിൽ 02 (വ്യാഴം)" ആയും "2009 ഏപ്രിൽ 16 (വ്യാഴം) തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും" നിശ്ചയിച്ചിരുന്നു.

വോട്ടെടുപ്പിന് മുമ്പായുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ എല്ലാ വാർഡുകളിലും പൂർത്തീകരിച്ചിട്ടു ്. എന്നാൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനത്ത് 2009 ഏപ്രിൽ 16 ന് പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ 2009 ഫെബ്രുവരി 27 ന് വിജ്ഞാപനം ചെയ്ത പ്രകാരം 2009 ഏപ്രിൽ 02 ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുന്നത് പ്രസ്തുത തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനെയും സ്ഥാനാർത്ഥികളുടെ പ്രചാരണ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ബോദ്ധ്യമായതിനാലും പ്രസ്തുത വാർഡുകളിലെ തിരഞ്ഞെടുപ്പ് മാറ്റി വയ്ക്കുന്നതിന് മതിയായ കാരണമു ന്ന് കമ്മീഷൻ കരുതുന്നതിനാലും 2009 ഫെബ്രുവരി 27-ാം തീയതിയിലെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 77/2009/സം.തി.ക നമ്പർ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്ന വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയും തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയും ഭേദഗതി ചെയ്തു പുതുക്കി നിശ്ചയിക്കേ ത് ആവശ്യമായിരിക്കുന്നു. ആയതിനാൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 105, 200 എന്നീ വകുപ്പുകൾ പ്രകാരവും ഇന്ത്യൻ ഭരണഘടനയിലെ 243 (കെ) അനുച്ഛേദവുമായി കൂട്ടിവായിക്കുന്നപ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 77/2009/സം.തി.ക നമ്പർ വിജ്ഞാപനത്തിലുള്ള "(ഡി) 2009 ഏപ്രിൽ 02 (വ്യാഴം) : ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും", "(ഇ) 2009 ഏപ്രിൽ 16 (വ്യാഴം) : തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും" എന്നത് താഴെ പറയുംപ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. അതായത് :-

## ഭേദഗതി

| | | |
|---|---|---|
| **"(ഡി) 2009 ഏപ്രിൽ 28 (ചൊവ്വ)** | : | **ആവശ്യമെങ്കിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയായും ;** |
| **"(ഇ) 2009 മേയ് 14 (വ്യാഴം)** | : | **തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതിയായും ;** |

ബി. ശ്രീദേവി
സെക്രട്ടറി